

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 5 ● ISSUE : 4 APRIL 2011

## എഡിറ്റോറിയൽ

# യേശുവിന്റെ ക്രൂശുമരണം

യേശുവിന്റെ ക്രൂശു മരണം ആർക്കുവേണ്ടിയായിരുന്നു? നാം എപ്പോഴും പറയുന്നതും പഠിപ്പിക്കുന്നതും അത് പാപികൾക്ക് എല്ലാവർക്കുംവേണ്ടിയായിരുന്നു എന്നാണ്. യേശു ക്രൂശിൽ മരിച്ചത് നമുക്കുവേണ്ടിയായിരുന്നെന്ന്, അല്ലെങ്കിൽ എനിക്കുവേണ്ടിയായിരുന്നെന്ന് നാം പറയാൻ മടിക്കുന്നതെന്തിനെന്ന് ഒരിക്കൽ ഒരു ദൈവഭക്തൻ ചോദിച്ചെന്ന് കേട്ടിട്ടുണ്ട്. പലപ്പോഴും നാം നമ്മിലേക്കു നോക്കാറില്ല. ബാക്കിയുള്ളവരുടെ കുറവുകളും, കുറ്റങ്ങളും കണ്ടുപിടിക്കലും, അവയെക്കുറിച്ച് കൊട്ടിഘോഷിക്കയുമല്ലേ നാം ചെയ്യാറുള്ളത്.

റെംബ്രാണ്ട് എന്ന പ്രസിദ്ധനായ ചിത്രകാരന്റെ "മൂന്നു കുരിശുകൾ" എന്ന ചിത്രം വളരെ പ്രസിദ്ധമാണ്. അദ്ദേഹം യേശുക്രിസ്തുവിന്റെ ക്രൂശുമരണസമയം അവിടെ കൂടിയിരുന്ന ആളുകൾ സഹിതമാണ് ചിത്രീകരിച്ചത്. ആ ചിത്രത്തിൽ നാം ആദ്യം ശ്രദ്ധിക്കുക യേശുവിനെത്തന്നെയാണ്. പിന്നീട് കൂടെ കുരിശിൽതറയ്ക്കപ്പെട്ട കള്ളന്മാരെ നാം കാണും. അതിനു ശേഷം നമ്മുടെ ശ്രദ്ധ അവിടെ കൂടിയിരുന്ന ആളുകളിലേക്കു നീളും. ഓരോരുത്തരുടെയും മുഖഭാവംവരെ ചിത്രകാരൻ ചിത്രീകരിച്ചിട്ടുണ്ട്. ആളുകളുടെ ദുഃഖവും, സങ്കടവും, പീലാത്തോസിനോടുള്ള ചിലരുടെ ദേഷ്യവും എല്ലാം മുഖഭാവങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. എന്നാൽ അവസാനമായി നാം ശ്രദ്ധിക്കുന്ന ഒരു സംഗതി ആ ചിത്രത്തിൽ ആളുകളുടെ കൂട്ടത്തിൽ മുഖം മറച്ച് ഒരാൾ നിൽക്കുന്നതാണ്. അയാളെ പുറംലോകം മനസ്സിലാക്കുന്നത് അയാൾ ഭയപ്പെട്ടിരുന്നതുപോലെ തോന്നും. അത് ചിത്രകാരൻ അയാളെത്തന്നെ ഉദ്ദേശിച്ചു വരച്ചതാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. അയാളും കൂടിയാണ് ക്രിസ്തുവിനെ ക്രൂശിക്കുവാൻ കൂട്ടുനിന്നതെന്നയാൾ വിശ്വസിച്ചിരുന്നു. തന്റെ കൂടി പാപങ്ങൾക്കാണല്ലോ യേശു ക്രൂശിക്കപ്പെട്ടത് എന്നദ്ദേഹം പറയാറുണ്ടായിരുന്നു. അങ്ങനെ യേശുവിനെ ഒറ്റിക്കൊടുത്ത തന്റെ മുഖം മറ്റുള്ളവർ കാണുന്നത് അദ്ദേഹത്തിന് താൽപര്യ മില്ലായിരുന്നതുകൊണ്ടാണ് അങ്ങനെയൊരു മുഖം ആ ചിത്രത്തിൽ ചേർത്തത്.

ഈ വിവരണം നമുക്കോരോരുത്തർക്കും ഒരു പാഠമാകണം. മറ്റുള്ളവർക്കുവേണ്ടി ക്രൂശിക്കപ്പെട്ട യേശു എന്നുള്ളതിനു പകരം, എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ട യേശു എന്നു ചിന്തിക്കുവാൻ നാം ശീലിക്കണം. അതായത് നാം ഓരോരുത്തരും പീലാത്തോസിനെപ്പോലെ സ്വന്ത അഭിപ്രായമില്ലാത്തവരും, കയ്യഫായെപ്പോലെ സൂത്രശാലികളും, റോമൻ പടയാളികളെപ്പോലെ ക്രൂരന്മാരും, അന്നത്തെ ജനക്കൂട്ടത്തെപ്പോലെ കരുണയില്ലാത്തവരും, ശിഷ്യന്മാരെപ്പോലെ ഭീരുക്കളുമാണെന്നു ചിന്തിക്കുമ്പോൾ മാത്രമേ യേശുവിന്റെ മരണത്തിന്റെ പ്രാധാന്യം മനസ്സിലാകുകയുള്ളൂ. നമ്മുടെ ഓരോ പ്രവർത്തികളും നാം ചിന്തിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നത് യേശുവിനെ പിന്നെയും പിന്നെയും നാം ക്രൂശിൽ തറയ്ക്കുന്നതിന് കൂട്ടുനിൽക്കുന്നതായിരിക്കും. നാം ഓരോ പാപങ്ങൾ ചെയ്യുമ്പോഴും ഓരോ ആണി ക്രൂശിൽ കിടക്കുന്ന യേശുവിന്റെ ശരീരത്തിൽ നാം അടിക്കുകയാണെന്നുള്ള ചിന്തമാത്രമായിരിക്കണം നമ്മുടെ പാപങ്ങളിൽ നിന്ന് വിടുതലിനുള്ള യേശുവിന്റെ സമ്മാനം. ■

# THE GRACE OF DISCRIMINATING BETWEEN

**(Dr. Yakob Mar Irenaios Metropolitan)**



The Great Lenten season comes as a kind of school for us to learn and practice what we learn, for a long time in our lives. One such detail that we learn is the capacity to discriminate between right and wrong. In fact this is a skill that the Israelite priests were to teach the people of God. This specific ability got weakened in man following his Fall. In fact the Fall itself was the result of a wrong choice made by the first human beings. so this is a lesson for us to learn. Success in life consists of discriminating between right and wrong and making wise choices in life.

Prophet Ezakiel is specifically exhorted as to the express duty of the Levites: " They shall teach my people the difference between the holy and the profane, and cause them to discern between the unclean and the clean" (Ezakiel 44: 23) . This is a God given faculty the proper exercise of which enables one to move away from the influences of unrighteousness, and move towards holiness and righteousness, after making proper and right choices in life.

We need to acknowledge that the kind of choices we make in our life's journey shall decide not only the quality of our lives, but our ultimate destiny as well! Every day we confront situations where we are constrained to make choices. It is our God given free will that we employ in discrimination between various options and making the right kind of choices. There is absolutely no compulsion from God that we make this selection or that, although it is true that satan may try to entice humans to take to this or that option.

A balanced person is one who is equanimous in his mind while meeting diverse people and situations in life. The best specimen is the courage to exercise one's free will to choose the best, the righteous and the holy. This shall be done by free choice and under no compulsion whatsoever. Anything done under constraint is not the sign of freedom.

The Lent is expected to equip us with the ability to discriminate between the holy and the profane, and to choose the good. The scheme of prayers and the long spiritual exercises all aim at the same thing - to order and discipline our whole life and behaviour. As we pass along the lenten journey we get an insight into the twin 'loves' that we need to practice - the love of God and the love of neighbour. This can hardly be learned and internalised without making proper choices in life. A series of right choices will certainly strengthen our personalities, and remove the mist of uncleanness in us.

Let us learn this lent to clean up our lives by proper discrimination and proper choices! ■

## വികാരിയുടെ കത്ത്



# ഉയിർപ്പ് അഥവാ പുനരുത്ഥാനം

**ഫാ. ഒ. വി. ഏലിയാസ്**

ജഡത്തിന്റെ അഭിലാഷങ്ങളെ നിയന്ത്രിച്ച് ആത്മാവിൽ ശക്തി പ്രാപിക്കുക എന്നതാണല്ലോ നോമ്പിന്റെ തത്വം. പുതിയനിയമസഭയിൽ ആദ്യം നിലവിൽ വന്നത് നാല്പത് നോമ്പാണ് (lent). അത് രണ്ടാം നൂറ്റാണ്ടുമുതൽ ആരംഭിച്ചിരിക്കണം എന്ന് കരുതപ്പെടുന്നു. ഏതായാലും നാലാം നൂറ്റാണ്ടിനുശേഷം അതിനെപ്പറ്റി വ്യക്തമായ പരാമർശങ്ങൾ കാണാം. കർത്താവിന്റെ ഉയിർപ്പു പെരുന്നാളിനുള്ള ഒരുക്കമായിട്ടാണ് ഈ നോമ്പിന്റെ ആവിർഭാവം.

ഉയിർപ്പ് എന്നു പറയുമ്പോൾ പ്രഥമമായി ഉയരുന്ന ചിന്ത യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. ക്രിസ്തുവിൽ വസിക്കുന്ന അഥവാ ക്രിസ്തുവിനോട് ഐക്യപ്പെട്ടിട്ടുള്ള സകല വിശ്വാസികളുടെയും പുനരുത്ഥാനവും ഇതോടൊപ്പം പരിഗണിക്കേണ്ടതാണ്. ഈ രണ്ടുകാര്യങ്ങളും അല്പമായി ചിന്തിക്കാം.

### 1. ക്രിസ്തുവിന്റെ ഉയിർപ്പ് അഥവാ പുനരുത്ഥാനം

യേശുവിന്റെ ജീവിതം ക്രൂശ് മരണത്തോടുകൂടി അവസാനിച്ചെങ്കിൽ അതൊരു ദാരുണ പരാജയമാകുമായിരുന്നു. നിർദ്ദോഷിയായ ഒരുവൻ നിഷ്ഠുരമായി കൊലചെയ്യപ്പെട്ടു എന്നു മാത്രം. എന്നാൽ സുവിശേഷം സാക്ഷിക്കുന്നത് "അന്ധകാരം പ്രകാശത്തെ പിടിച്ചടക്കിയില്ല" (യോഹ:1:4) എന്നാണ്. പുതിയ നിയമത്തിന്റെ ഓരോ ഭാഗത്തും ത്രസിച്ചുനിൽക്കുന്ന വലിയ സത്യമാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം അഥവാ ഉയിർപ്പ്. പൗലൂസ് ശ്ലീഹാ അനുസ്മരിക്കുന്നു. "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരി : 15 : 14). മനുഷ്യചരിത്രത്തിലെ നിസ്തുല സംഭവമാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം. അതുകൊണ്ടുതന്നെ പുനരുത്ഥാനം സഭയുടെ വലിയ അവകാശവാദമായിത്തീർന്നു. ഒപ്പം എതിരാളികളുടെ വലിയ ആക്രമണ വിഷയവും.

ക്രിസ്തുവിന്റെ പുനരുത്ഥാനം എപ്പോൾ എങ്ങനെ നടന്നുവെന്നോ ആ സംഭവത്തിന് ആരെങ്കിലും ദൃക്സാക്ഷികളായിരുന്നു എന്നോ സുവിശേഷങ്ങൾ വിവരിക്കുന്നില്ല. എന്നാൽ ആ സമയത്ത് ഒരു വലിയ ഭൂകമ്പം ഉണ്ടായി (മത്താ 28:2) എന്നും കബറിന് കാവലിരുന്ന പടയാളികൾ ഭയചകിതരായി എന്നും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനേകർ കണ്ടു എന്നത് അനിഷേധ്യമായ വസ്തുതയാണ്. യേശുവിനെ അടക്കിയ കല്ലറയിൽ അവിടുത്തെ ശരീരമില്ലായിരുന്നു. അത് ശൂന്യമായിട്ടാണ് അവിടെ എത്തിയവർ കണ്ടത്. വിശ്വാസികളാണ് ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിച്ചത്. അവർക്കാണ് ഉത്ഥിതനായ കർത്താവ് പ്രത്യക്ഷപ്പെട്ടതും. സകല ജനത്തിനുമല്ല. "ദൈവം മുൻകൂട്ടി നിയമിച്ച സാക്ഷികളായി അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റശേഷം അവനോടുകൂടെ തിന്നു കുടിച്ചവരായ ഞങ്ങൾക്ക് തന്നെ പ്രത്യക്ഷനാക്കി തന്നു" (അപ്പൊ:10:41). ഉയിർപ്പിന്റെ യാഥാർത്ഥ്യം സംശയലേശമെന്യേ സ്ഥിരീകരിക്കുവാൻ വേണ്ടിയാണ് അവിടുന്ന് ഉയിർപ്പിനുശേഷം ഭക്ഷണം കഴിക്കുകയും കൈകളും വിലാപ്പുറവും കാണിച്ചുകൊടുക്കുകയും ചെയ്തത്.

യേശുവിന്റെ പുനരുത്ഥാനം തിരുവെഴുത്തുകളുടെ പൂർത്തീകരണമായി പുതിയനിയമ എഴുത്തുകാർ കണ്ടു. പൗലൂസ് ശ്ലീഹാ രേഖപ്പെടുത്തി. അവൻ "തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു" (1കൊരി 15:4). യേശുവിന്റെ കഷ്ടാനുഭവവും മരണവും പോലെ തന്നെ അവിടുത്തെ പുനരുത്ഥാനവും രക്ഷണ്യ പദ്ധതിയുടെ ഭാഗമായിരുന്നു. പുനരുത്ഥാനം എങ്ങനെയെന്ന് വിശദീകരിക്കാനുള്ള ശ്രമമൊന്നും അപ്പൊസ്തോലന്മാർ നടത്തിയിട്ടില്ല. അവർ ആ യാഥാർത്ഥ്യത്തെ പ്രഘോഷിക്കുക മാത്രമാണ് ചെയ്തത്. മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും അതീതമായ ഒരു യാഥാർത്ഥ്യമാണ് പുനരുത്ഥാനം. ശാസ്ത്രത്തിന്റെ വിശകലനോപാധികൾ കൊണ്ട് വിശദീകരിക്കാവുന്നതല്ല. അത് വിശ്വാസമെന്ന ആറാമത് ഒരു ഇന്ദ്രിയം കൊണ്ട് ഉൾക്കൊള്ളേണ്ട ഒരു യാഥാർത്ഥ്യമാണ്.

പുനരുത്ഥാനം അംഗീകരിക്കാൻ മതിയായ അടിസ്ഥാനം നമുക്കുണ്ട്.

(1) പലതരത്തിൽ പെട്ട അനേകർക്ക് കർത്താവ് പ്രത്യക്ഷനായതും അവർ നൽകുന്ന സാക്ഷ്യവും. "ദൈവം അവനെ മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിച്ചു. അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു" (അപ്പൊ 3:15).

(2) ഒഴിഞ്ഞ കല്ലറയും അവിടുത്തെ ശരീരം പൊതിഞ്ഞ ശീലയും കണ്ട് പത്രോസും യോഹന്നാനും വിശ്വസിച്ചു (മർക്കോ 16: 4, 5 ലൂക്കോ 24: 2,3, യോഹ 20: 5-8).

(3) ശാബതാചരണത്തിൽ വളരെ വ്യഗ്രതയുള്ള ശിഷ്യന്മാർ അത് വിട്ടിട്ട് ഞായറാഴ്ച (ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ) ആരാധനയ്ക്കായി

*(ശേഷം പേജ് 4-ൽ)*

# വേദപുസ്തകവും വെട്ടുക്കിളിയും

മെൽതോ 2011 ഓർത്തഡോക്സ് കൺവെൻഷനിൽ ഡോ. ഒ. തോമസച്ചൻ, മരുഭൂമിയിൽ യോഹന്നാൻ സ്നാപകന്റെ ഭക്ഷണമായിരുന്ന വെട്ടുക്കിളി(locust)യെക്കുറിച്ച് സംസാരിക്കുകയുണ്ടായി. വെട്ടുക്കിളി "വിട്ടിൽ" പോലുള്ള ഒരു ജീവിയല്ലെന്നും, അത് മരുഭൂമിയിലെ ഒരു പഴവർഗ്ഗമാണെന്നുമാണ് പറഞ്ഞത്. അങ്ങനെയാണ് വെട്ടുക്കിളിയെ കുറിച്ച് ചിന്തിക്കുവാനിടയായത്.

ദൈവത്തിന്റെ ജനമായ യിസ്രയേല്യരെ ഫറവോന്റെ അടിമത്തത്തിൽ നിന്നും രക്ഷിച്ചുകൊണ്ടു പോകുവാൻ മോശയെയും, അഹറോനെയും ദൈവം ഉപയോഗിക്കുന്നു. അതിനു വഴങ്ങാതിരുന്ന ഫറവോനെക്കൊണ്ട് സമ്മതിപ്പിക്കുവാൻ വേണ്ടി യഹോവ പലവിധത്തിൽ മിസ്രയീമ്യരെ പീഢിപ്പിക്കുന്ന കൂട്ടത്തിൽ വെട്ടുക്കിളിയെയും അയക്കുന്നതു കാണാം (പുറ. 10:4). വെട്ടുക്കിളികൾ എല്ലാത്തരം പച്ചപ്പുകളും തിന്നുന്നതായി പറയുന്നു. ഇവിടെ വെട്ടുക്കിളി "വിട്ടിൽ" പോലെയൊരു ജീവി തന്നെയാണ്. ആകാശം ഇരുണ്ടു പോകുമാറ് അവ ഒരുമിച്ച് പറന്നുവന്നു എന്നു നാം വായിക്കുന്നു. പല രാജ്യങ്ങളിലും മേൽപറഞ്ഞ വെട്ടുക്കിളിയെ ഭക്ഷണമായി ഉപയോഗിക്കുന്നുണ്ട്. തായ്‌ലന്റിൽ വെട്ടുക്കിളിയെ ചുട്ടുതിന്നുന്നത് സാധാരണമാണ്. ആഫ്രിക്കയിലും മറ്റും വെട്ടുക്കിളിയെ ഉണക്കിപ്പൊടിച്ച് ബേക്കറികളിലും മറ്റും ഉപയോഗിക്കുന്നു. ഇതു പലർക്കും ഇഷ്ടഭോജനമാണെങ്കിലും പോഷകമൂല്യം കാര്യമായില്ലാത്ത ഒരു ഭക്ഷണമാണ്. ലേവ്യ പുസ്തകം 11:22 ൽ യഹോവ അനുവദിച്ചിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ പട്ടികയിൽ വെട്ടുക്കിളിയെയും കാണുവാൻ സാധിക്കും. ദൈവത്തിന്റെ സൃഷ്ടിയെല്ലാം നല്ലത്, സ്തോത്രത്തോടെ അനുഭവിക്കുന്നെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതില്ല (1 തിമോ 4 :1-5) എന്നും ദൈവം അരുളിച്ചെയ്തിട്ടുണ്ടല്ലോ.

ഇനിയും നമുക്ക് യോഹന്നാൻ സ്ഥാപകന്റെ ഭക്ഷണമായിരുന്ന വെട്ടുക്കിളിയെക്കുറിച്ച് ചിന്തിക്കാം. വെട്ടുക്കിളിയും തേനും മാത്രമേ യോഹന്നാൻ സ്നാപകൻ ഭക്ഷിച്ചിരുന്നുള്ളൂ എന്നാണ് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്. താഴെ പറയുന്ന രണ്ടു മൂന്നു കാരണങ്ങൾ കൊണ്ട് മേൽ പറഞ്ഞ വെട്ടുക്കിളിയല്ല യോഹന്നാന്റെ ഭക്ഷണമെന്നനുമാനിക്കാം.

1. പോഷകമൂല്യം വളരെ കുറഞ്ഞ ജീവിയായ വെട്ടുക്കിളി മാത്രം ഭക്ഷണമാക്കി ഒരാൾക്ക് ജീവിക്കുവാൻ എളുപ്പമല്ല.
2. കാലാവസ്ഥ അനുസരിച്ചു മാത്രം പ്രത്യക്ഷപ്പെടുന്ന വെട്ടുക്കിളികൾ എല്ലായ്പ്പോഴും ഉണ്ടായിരിക്കയില്ല
3. യോഹന്നാൻ സ്നാപകൻ മാംസം ഉപയോഗിക്കുന്നവനായിരുന്നില്ല.

വേദപുസ്തക പഠിതാക്കൾ മേൽപറഞ്ഞ പശ്ചാത്തലത്തിൽ വെട്ടുക്കിളിയെ (locust)കുറിച്ച് കൂടുതൽ പഠനമാരംഭിച്ചു. അതിന്റെ ഫലമായാണ് മരുഭൂമിയിൽ മാത്രം വളർന്നിരുന്ന locust tree യെക്കുറിച്ച് അവർക്കറിവു കിട്ടിയത്. ഈ വൃക്ഷത്തിന്റെ ഫലത്തിനും വെട്ടുക്കിളി എന്നു പറഞ്ഞിരുന്നതായി കണ്ടെത്തി.

വാളൻപുളിയോട് സാദൃശ്യമുള്ളതും ചോക്കളേറ്റിനോട് അടുത്ത രുചിയുള്ളതുമായ ഈ പഴത്തിന് കാരോബ് (Carob) എന്നും പേർ ഉണ്ട്. ചൂട് കൂടുതലുള്ള മെഡിറ്ററേനിയൻ പ്രദേശത്താണ് ഇത് വളർന്നിരുന്നത്. എല്ലാ പോഷകമൂല്യങ്ങളുമുള്ള ഈ കാരോബ് എന്ന വെട്ടുക്കിളി യായിരുന്നിരിക്കണം യോഹന്നാൻ സ്നാപകന്റെ ഭക്ഷണം. പിൽക്കാലത്ത് ഈ പഴം "സെന്റ് ജോൺസ് ബ്രഡ്" എന്നും അറിയപ്പെട്ടു (Ref. Mark 1:6 / Rev. 9:37)

**കെ. കെ. ജോർജ്ജ്**

# Counselling on Delegation and Governance in the Old Testament

**P. T. John**

A management consultant springs up in Exodus, the second book of Moses in the Old Testament, Jethro, the priest of Midian and the father-in-law of Moses, talks on delegation of authority and governance in Chapter 18 of Exodus.

Zippora the wife of Moses and their two children Gershom and Eliezer were not with Moses when he started the journey leading the Israelites through the wilderness, from Egypt towards the promised land of Canaan. Jethro took his daughter and grand children who were with him at Midian to join Moses on the way, near the mountain of God. During his short stay with Moses Jethro found him overworking and exhausting himself in attending to the needs of the people. Jethro asked Moses 'What is it that you are doing for the people? Why do you sit alone and all the people stand about you from morning till evening? Moses replied that the people came to him to inquire about God, to know His statutes and to settle the disputes between them. Jethro advised him that his style of working needed a change. He said, "You and the people with you will wear yourselves out for the thing is too heavy to you; You are not able to perform it alone. Listen now to my voice. I will give you counsel and God be with you! You shall represent the people before God and bring their cases to God; and you shall teach them the statutes and the decisions and make them know the way in which they must walk and what they must do. Moreover, choose able men from all the people who are trustworthy, God-fearing and who hate a bribe, and place such men over the people, as rulers of thousands, of hundreds, of fifties and of tens.

And let them judge the people at all times. Every great matter, they shall bring to you. But any small matter they shall decide themselves; so it will be easier for you and they will bear the burden with you. If you do this and whatever God commands you, you will be able to endure, and all the people also go to their places in peace.

Moses paid heed to the pieces of advice given by his father-in-law and implemented all that he had said. Designations like 'Centurian' found many years later in the New Testament bear testimony to this.

It is quite amazing that Jethro, a village priest made this positive counselling on selection of men, delegation of authority and good governance about 3400 years ago.

## ഭദ്രാസന വിശേഷങ്ങൾ

# പ്രീ മാര്യേജ് കൗൺസിലിങ്

**ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ കൊച്ചി** (OIC) യുടെ ബഹുമുഖ പ്രവർത്തനങ്ങളിൽപ്പെട്ട "പ്രീ മാര്യേജ് കൗൺസിലിങ് " സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ മാർച്ച് 5 ന് ഒരു മുഴുദിന പ്രോഗ്രാമായി വിജയകരമായ ആരംഭം കുറിച്ചു.

പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സ്റ്റഡി ആന്റ് ഡയലോഗ് സെന്ററിലെ റവ. ഫാ. ജോൺസൻ പുറ്റാനിൽ, മിസസ് ജിജി ജോൺസൻ, റവ. ഡോ. ഫാ. എഡ്വേർഡ് ജോർജ്ജ് എന്നിവർ കൗൺസിലിങ്ങിനു നേതൃത്വം നൽകി. കൗൺസിലിങ്ങിൽ സംബന്ധിച്ചവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

പ്രസ്തുത കൗൺസിലിങ് സഭാംഗങ്ങൾക്ക് പ്രയോജനകരമാംവിധം ഒരു തുടർപരിപാടിയായി OIC - യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാണ്.



മാർച്ച് 5-ാം തീയതി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന പ്രീ മാര്യേജ് കൗൺസിലിങ്ങിൽ പങ്കെടുത്തവർ, OIC അംഗങ്ങളുടെയും കൗൺസിലർമാരുടെയും കൂടെ

## കുടുംബ വിശേഷങ്ങൾ

### ശ്രീ. എൻ. വി. ഫിലിപ്പ്



ഏതാണ്ട് 11 വർഷക്കാലം പാർട് ടൈം ആയും 32 വർഷക്കാലം സ്ഥിരം ശുശ്രൂഷകനായും നമ്മുടെ ഇടവകയിൽ സേവനം അനുഷ്ഠിച്ച ശ്രീ. എൻ. വി. ഫിലിപ്പ് 2011 ജനുവരി 31ന് സ്ഥിരം ശുശ്രൂഷകൻ എന്ന ചുമതലയിൽ നിന്ന് സ്വമനസ്സോടെ വിരമിക്കുകയാണ്. എന്നോടൊപ്പം 24 വർഷക്കാലത്തിലധികം ഫിലിപ്പ് നമ്മുടെ ഇടവകയിൽ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുണ്ട്. ദീർഘകാലം വി. മദ്ബഹായിൽ ശുശ്രൂഷ അനുഷ്ഠിക്കുക എന്നത് അധികം പേർക്കും ലഭിക്കാത്ത ഒരു ഭാഗ്യമാണ്. ദൈവീക ശുശ്രൂഷയിൽ അലംഭാവം കൂടാതെ പരമാവധി ആത്മാർത്ഥതയോടെ പ്രവർത്തിക്കുവാൻ ഫിലിപ്പിന് സാധിച്ചിട്ടുണ്ട്. എല്ലാക്കാര്യങ്ങളിലും വിശ്വസ്തത പാലിക്കുവാനും ഫിലിപ്പിനായിട്ടുണ്ട് എന്നതാണ് എന്റെ അനുഭവം. സൗമ്യമായും വിനയമായും സ്നേഹത്തോടും ബഹുമാനത്തോടും കൂടെ ഇടവകക്കാരോട് ഇടപെടുവാൻ ഫിലിപ്പ് ശ്രദ്ധിച്ചിട്ടുണ്ട് എന്നുള്ളതും എടുത്തുപറയാവുന്ന സവിശേഷതയാണ്. അതുകൊണ്ടുതന്നെ എല്ലാവരുടെയും സ്നേഹം ആർജ്ജിക്കുവാനും ഫിലിപ്പിന് കഴിഞ്ഞിട്ടുണ്ട്. സ്ഥിരം ശുശ്രൂഷകൻ എന്ന സ്ഥാനത്ത് നിന്ന് വിരമിച്ചെങ്കിലും ശനി, ഞായർ ദിവസങ്ങളിൽ ശുശ്രൂഷയ്ക്ക് കൂടുവാൻ മാത്രം ഫിലിപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഫിലിപ്പ് അത് സമ്മതിച്ച് അപ്രകാരം ചെയ്തുവരുന്നു. പരിചയത്തിൽ നിന്നും അനുഭവത്തിൽ നിന്നും ഞങ്ങൾ വൈദികർക്ക് ഫിലിപ്പിനെക്കുറിച്ച് നല്ലത് മാത്രമേ പറയാനുള്ളൂ. ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച രണ്ടാമത്തെ വി. കുർബാനാനന്തരം ഫിലിപ്പിന് സമുചിതമായ ഒരു യാത്രയയപ്പ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ വൈദികരുടെയും ഇടവകയുടെയും പേരിൽ ഫിലിപ്പിന് എല്ലാവിധ ദൈവീകാനുഗ്രഹങ്ങളും നേരുന്നു.

**ഏലിയാസച്ചൻ**

## 2011–12 ലെ ഇടവക മാനേജിംഗ് കമ്മിറ്റി

27-3-2011 ൽ കൂടിയ ഇടവക പൊതുയോഗം നിലവിലുള്ള അംഗങ്ങളെ തന്നെ 2011-12ലേക്കും ഭരണസമിതി അംഗങ്ങളായി ഏകകണ്ഠ്യേന തിരഞ്ഞെടുത്തു.

| | | | | |
|---|---|---|---|---|
| **TRUSTEE** | - | Shri. Cherian Thomas | - | 80891 15078 |
| **SECRETARY** | - | Shri. Daniel Oommen | - | 94463 96033 |

**COMMITTEE MEMBERS**

| | | |
|---|---|---|
| Shri. K.E. Abraham | - | 94471 33914 |
| Shri. Abraham Philip | - | 98471 52901 |
| Shri. Babu Mathew | - | 94466 92431 |
| Shri. Elias P. Varghese | - | 94471 33956 |
| Shri. George Joseph | - | 98460 96989 |
| Shri. K.K. George | - | 94470 40484 |
| Shri. P. Jacob | - | 93886 40554 |
| Shri. Manoj Kuriakose | - | 98460 56991 |
| Dr. Poulose Jacob | - | 98471 23534 |
| Shri. M.V. Poulose | - | 94470 53608 |
| Shri. Prince Chandy | - | 94463 88119 |
| Shri. Saju Panakkal | - | 94473 27762 |
| Shri. K.V. Stanes | - | 92497 27964 |

**AUDITORS**

| | | |
|---|---|---|
| Shri. Petson Peter C | - | 98461 87320 |
| Shri. Jacob Kurien | - | 98460 59929 |

*Sponsored by:*

Zuari Cement
Italcementi Group

## വിശേഷദിവസങ്ങൾ

**ഏപ്രിൽ**

5 ചൊവ്വ : പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ

10 ഞായർ : സമിയോ-പിറവിക്കുരുടനെ സൗഖ്യമാക്കിയ ഞായറാഴ്ച

15 വെള്ളി : 40-ാം വെള്ളിയാഴ്ച

16 ശനി : ലോവോസോറിന്റെ ശനിയാഴ്ച

17 ഞായർ : ഓശാന ഞായറാഴ്ച. കത്തീഡ്രലിൽ 7 മണിക്ക് ആരംഭിക്കുന്ന ഒരു വി. കുർബാന മാത്രം

21 വ്യാഴം : പെസഹാ വ്യാഴാഴ്ച

22 വെള്ളി : ദുഃഖ വെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച)

23 ശനി : ദുഃഖ ശനിയാഴ്ച 11 മണിക്ക് വിശുദ്ധ കുർബാന (വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ)

24 ഞായർ : ഉയിർപ്പ് ഞായറാഴ്ച (ക്യംതാ)

**മെയ്**

1 ഞായർ : പുതു ഞായറാഴ്ച

### ഉയിർപ്പ് അഥവാ പുനരുത്ഥാനം... (2-ാം പേജിൽ നിന്നും)

കൂടിവരുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് (അപ്പൊ 20:7, 1 കൊരി 16:2, വെളി 1:10).

(4) ഭയചകിതരായി പാലായനം ചെയ്ത ശിഷ്യർ വീണ്ടും ഒന്നിച്ചു ചേരുവാനും ധീരോദാത്തമായി സുവിശേഷം പ്രഘോഷിക്കുവാനും പ്രാപ്തരായത് പുനരുത്ഥാനം മൂലമാണ്.

(5) പുതിയനിയമത്തിന്റെ ഉത്ഭവം തന്നെ യേശുവിന്റെ പുനരുത്ഥാനത്തിൽ നിന്നുമാണ്. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസമാണ് പുതിയനിയമ എഴുത്തുകാരെ സ്വാധീനിച്ചിട്ടുള്ളത്.

#### 2. ക്രിസ്തുവിലുള്ള വിശ്വാസികളുടെ ഉയിർപ്പ് അഥവാ പുനരുത്ഥാനം

വിശ്വാസികൾ അന്ത്യനാളിൽ ഉയിർത്തെഴുന്നേല്ക്കുമെന്നുള്ളത് യേശുവിന്റെ പുനരുത്ഥാനത്തിൽ അധിഷ്ഠിതമായ വിശ്വാസമാണ്. വിശ്വാസികൾ അവരുടെ മാമോദീസയാൽ ക്രിസ്തുവിനോടുകൂടെ മരിക്കുകയും സംസ്കരിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തവരാണ്.

വിശ്വാസികൾ മർത്യശരീരം വെടിഞ്ഞ് അവസാന നാളിൽ ഉയിർത്തെഴുന്നേൽക്കും "യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമ 8:11). "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും............. ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും" (1 തെസ്സ 4:16). കർത്താവിന്റ തിരുശരീര രക്തങ്ങളിലുള്ള പങ്കാളിത്തം പുനരുത്ഥാന പ്രത്യാശ പ്രദാനം ചെയ്യുന്നു. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും" (യോഹ 6:54).

ഉയിർപ്പു പെരുന്നാളിലെ ആരാധനയുടെ ഒരു പ്രധാന ഘടകമാണ് ഉയിർപ്പിന്റെ പ്രഖ്യാപനം. അന്ന് രാത്രി പ്രാർത്ഥനാമദ്ധ്യേ ത്രോണോസിനുള്ളിൽ കബറടക്കിയിരിക്കുന്ന കുരിശ് പുറത്തെടുത്ത് കാർമ്മികൻ താഴെപ്പറയുന്ന പ്രഖ്യാപനം മൂന്നു തവണ നടത്തുന്നു. അതിപ്രകാരമാണ്. "സഹോദരരേ ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു". ഇതിന് പ്രതിവാക്യമായി ജനം ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലുന്നു. "സത്യമായി താൻ ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു". ഉയിർപ്പിന്റെ ഈ പ്രഖ്യാപനം എല്ലാ പൗരസ്ത്യ സഭകളിലുമുള്ളതാണ്. മാത്രമല്ല ആദിമസഭയിൽ ഉയിർപ്പുദിവസം വിശ്വാസികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ നടത്താറുള്ള അഭിവാദനവും വളരെ അർത്ഥവത്താണ്. The Lord is risen. (കർത്താവ് ഉയിർത്തെഴുന്നേറ്റു) എന്ന് അഭിവാദനം ചെയ്യുമ്പോൾ Indeed He is risen (വാസ്തവമായും അവൻ ഉയിർത്തെഴുന്നേറ്റു) എന്ന് പ്രത്യഭിവാദനം ചെയ്യുകയാണ് പതിവ്. കർത്താവിന്റെ പുനരുത്ഥാനം ആദിമ വിശ്വാസികളുടെ മനസ്സിൽ ആഴമായി പതിഞ്ഞിരുന്ന ഒരു വിശ്വാസ സത്യമായിരുന്നു എന്നോർക്കുക. ■

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***
***For Private Circulation only***